# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1469

11.06.2019-ൽ മറുപടിയ്ക്ക്

### തീരദേശവാസികളുടെ സുരക്ഷ

ചോദ്യം | ഉത്തരം

| | ശ്രീ.ജോൺ ഫെർണാണ്ടസ് | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ചെല്ലാനം ഗ്രാമപഞ്ചായത്തിലെ തീരദേശമേഖലകളിൽ ഓഖി ദുരന്തത്തിൽ തകർന്ന കടൽഭിത്തിക്ക് പകരമായി നിർദ്ദേശിക്കപ്പെട്ടതും ജലസേചനവകുപ്പ് 8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതുമായ ജിയോ ട്യൂബിന്റെ നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാൻ സാധിക്കാത്തത് കണക്കിലെടുത്ത് അടുത്തുവരുന്ന കാലവർഷത്തിൽ ഉണ്ടായേക്കാവുന്ന കടലാക്രമണം നേരിടുന്നതിനും തീരദേശവാസികളുടെ ജീവന് സുരക്ഷ ഒരുക്കുന്നതിനും ബദൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഏർപ്പെടുത്തിയിട്ടുള്ള ബദൽ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | കടലാക്രമണം നേരിടുന്നതിന് അടിയന്തര പ്രവൃത്തി എന്ന നിലയിൽ ജിയോ ബാഗ് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് താഴെപറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br><br>1) വേളാങ്കണ്ണി ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 997 നും 999 നും ഇടയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി (10.10 ലക്ഷം)<br>2) വേളാങ്കണ്ണി ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 996 നും 997 നും ഇടയ്ക്ക് ബസാറിൽ ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി (28.7 ലക്ഷം) |

| | | | |
|---|---|---|---|
| | | | കൂടാതെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് താഴെപറയുന്ന 2 പ്രവൃത്തികൾക്ക് കൂടി അനുമതി നൽകിയിട്ടുണ്ട്.<br><br>1) വേളാങ്കണ്ണി ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 998 നം 999 നം ഇടയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി (11.50 ലക്ഷം)<br>2) കമ്പനിപ്പടിയിൽ CESCP Stone 984 നം 986 നം ഇടയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി(28.7 ലക്ഷം)<br><br>ടി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 2018-19 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന 2 പ്രവൃത്തികൾക്ക് അനുമതി നൽകിയിരുന്നു.<br><br>1) വാച്ചാക്കൽ ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 982 നം 983 നം ഇടയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി (14 ലക്ഷം)<br>2) പുത്തൻതോട് ഫിഷിംഗ് ഗ്യാപ്പിൽ CESCP Stone 1016 നം 1018 നം ഇടയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള അടിയന്തര സംരക്ഷണ പ്രവൃത്തി(15 ലക്ഷം)<br><br>നിലവിൽ ടി പ്രവൃത്തികൾ ടെണ്ടർ ചെയ്തുവെങ്കിലും ആരും ഏറ്റെടുക്കാതിരുന്നത് കാരണം 3 പ്രാവശ്യം സബ്മിഷൻ തീയതി നീക്കിവയ്ക്കുകയും തുടർന്നും ആരും പങ്കെടുക്കാതിരുന്നത് മൂലം റീ-ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**